# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5490 — 01/07/2014-ൽ മറുപടിക്ക്

### പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പ്രാക്തനഗോത്ര വർഗ്ഗക്കാർക്കായുള്ള പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ; നാളിതുവരെ എന്തെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; | (എ) | കേരളത്തിലെ പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ 148 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗപ്പെടുത്തി വിവിധ ക്ഷേമ വികസന പദ്ധതികൾ 2011-12 വർഷം മുതൽ നടപ്പിലാക്കിവരുന്നു. ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡു നിർമ്മാണം, ആരോഗ്യ സംരക്ഷണ പദ്ധതികൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ള പദ്ധതികൾ, വിദ്യാഭ്യാസ പരിപാടികൾ, ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്നിവയാണ് ഈ ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഭവന നിർമ്മാണ പദ്ധതി പ്രകാരം 2012 പുതിയ വീടുകൾ അനുവദിച്ചതിൽ 721 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ച വീടുകളുടെ പണി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്പെഷ്യൽ അംഗനവാടികൾ, പെരിപ്പതെറ്റിക് സ്കൂൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഏതെല്ലാം വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ കുറുമ്പർ, പറമ്പിക്കുളം, തൃശ്ശൂർ ജില്ലയിൽ ആതിരപ്പള്ളി പഞ്ചായത്തിലെ കാടർ, കാസർഗോഡ് ജില്ലയിലെ കൊറഗർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്കൻ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ കാട്ടുനായ്ക്കൻ എന്നീ അഞ്ച് പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്കായി ഭവന നിർമ്മാണം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതി, ഊരുകൂട്ട ശാക്തീകരണം, റോഡ് നിർമ്മാണം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ട്രൈബൽ |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാർ, ആരോഗ്യ വിദ്യാഭ്യാസ പരിപാടി, പ്രത്യേക അംഗൻവാടികളും ഏകാദ്ധ്യാപക സ്കൂളുകളും, ആവശ്യമായ മരുന്നുകളുടെ വിതരണം, ഫുഡ് സപ്പോർട്ട് പദ്ധതി എന്നീ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൻ പ്രകാരം ചെലവഴിച്ച തുക എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശം നൽകുമോ; | (സി) | 2014 മേയ് മാസം വരെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 103.97 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാവുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | 2011-12 ൽ ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ 2014-15 വർഷത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിവൂടെ ഈ വിഭാഗങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഇ) | കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗക്കാരുടെ സർവ്വതോന്മുഖമായ വികസന ലക്ഷ്യമിട്ടാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഇവയുടെ ഗുണ ഫലം വിലയിരുത്തുവാനാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതി നടത്തിപ്പ്.**

| ക്രമ നം | പദ്ധതി | 2014 മെയ് വരെ ചിലവഴിച്ച തുക(രൂ) | ഗുണഭോക്താക്കൾ |
|---|---|---|---|
| 1 | ഭവന നിർമ്മാണം | 424805000 | 2012 ഗുണഭോക്താക്കൾ |
| 2 | റോഡ് | 64746310 | പാലക്കാട്, വയനാട്, മലപ്പുറം, ജില്ലകളിലെ പ്രത്യേക ദുർബ്ബല ഗോത്ര വർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത റോഡുകൾ. |
| 3 | വൈദ്യുതീകരണം | 56008446 | പാലക്കാട്, വയനാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിലെ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത കോളനികൾ |
| 4 | കുടിവെള്ളം | 192645000 | കോഴിക്കോട്, വയനാട്, കാസർഗോഡ്,മലപ്പുറം പാലക്കാട് ജില്ലകളിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത കോളനികൾ |
| 5 | മണ്ണ് സംരക്ഷണ പദ്ധതികൾ+ അംഗനവാടി, ചുറ്റുമതിൽക്ക്, സാംസ്ക്കാരിക നിലയം | 88761000 | വയനാട്, കാസർഗോഡ്, മലപ്പുറം പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത കോളനികൾ |
| 6 | ആരോഗ്യ പരിപാലനം മൊബൈൽ മെഡിക്കൽ യൂണിറ്റ് | 13765431 | ഏഴ് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തന ചിലവ് |
| 7 | ഹെൽത്ത് പ്രൊമോട്ടർമാരുടെ ഹോണറേറിയം | 19321711 | 202 ഹെൽത്ത് പ്രോമോട്ടർമാർ |
| 8 | പ്രമോട്ടർമാർക്ക് ഡ്രഗ് കിറ്റ് വിതരണം | 521748 | 202 |
| 9 | ഊര് കൂട്ടം | 45000 | 583 സെറ്റിൽമെന്റുകളിലെ കോളനി നിവാസികൾ |
| 10 | സ്പെഷ്യൽ അംഗൻവാടി പ്രവർത്തനം | 101041 | 6 അംഗൻവാടികളിലെ 84 കുട്ടികൾ. |

| | | | |
|---|---|---|---|
| 11 | പെരിപ്പതെറ്റിക് സെന്ററുകൾ | 559940 | 4 പെരിപ്പതെറ്റിക് സെന്ററുകളിലായി 61 കുട്ടികൾ |
| 12 | ഫുഡ് സപ്പോർട്ട് പദ്ധതി | 80279168 | 8101 കുടുംബങ്ങളിലായി 30,606 ഗുണഭോക്താക്കളുണ്ട്. |
| 13 | പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് | 18103443 | ഡിപ്പാർട്ട്മെന്റ് ജീവനക്കാരുടെ ശമ്പളവും, കരാർ, ദിവസവേതന ജീവനക്കാരുടെ വേതനവും, വാഹന ചെലവുകളും |
| 14 | അഹാഡ്സിന് നൽകിയത് | 10000000 | അഹാഡ്സിന് നൽകിയതിൽ 65000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 15 | 2011-12 ൽ വയനാട്, പാലക്കാട്, തൃശൂർ, മലപ്പുറം, കാസർഗോഡ്, കോഴിക്കോട് എന്നീ TDRM A/C ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത | 70000000 രൂപയിൽ | നിന്നും 6.99 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| | ആകെ | 1039663238 | |

25.6.14